പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1707 — 14.07.2016-ൽ മറുപടിയ്ക്ക്

## LED ബൾബുകളുടെ ഉപയോഗം

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ

ശ്രീ.മോൻസ് ജോസഫ്

ശ്രീ.സി.എഫ്.തോമസ്

ഡോ.എൻ.ജയരാജ്

ഉത്തരം

ശ്രീ..കടകംപള്ളി സുരേന്ദ്രൻ

വൈദ്യുതിയും ദേവസ്വവും വകുപ്പമന്ത്രി

| | | | |
|---|---|---|---|
| (എ) | LED ബൾബുകളുടെ ഉപയോഗം പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുമോ എന്ന് കെ.എസ്.ഇ.ബി. പഠനം നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | (എ) | പഠനം നടത്തിയിട്ടില്ല. |
| (ബി) | LED ബൾബുകളുടെ വൈദ്യുത ഉപഭോഗത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം LED ബൾബുകളുടെ വൈദ്യുത ഉപഭോഗം സംബന്ധിച്ച് ഒരു പഠനം എന്ന നിലയിൽ തിരുവനന്തപുരത്തുള്ള കേശവദാസപുരം സെക്ഷൻ ഓഫീസ് പരിധിയിൽപ്പെട്ട 30 BPL വീടുകളിൽ LED ബൾബുകൾ സ്ഥാപിക്കുകയും ഇതുവഴി പ്രതിവർഷം 4073 യൂണിറ്റ് വൈദ്യുതി ലാഭമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്. |
| (സി) | LED ബൾബുകൾ പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നില്ലന്ന് തെളിഞ്ഞിട്ടുണ്ടെങ്കിൽ തെരുവു വിളക്കുകൾക്കും മറ്റും LED ബൾബുകൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകാമോ? | (സി | തെരുവുവിളക്കുകൾ എൽ.ഇ.ഡി ബൾബുകളാക്കുന്നതിന്റെ ഭാഗമായി, കെ.എസ്.ഇ.ബി ലിമിറ്റഡും, ആലപ്പുഴ മുനിസിപ്പാലിറ്റിയും, കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡും (EESL) സംയുക്തമായി ചേർന്ന് ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി.യാക്കുന്ന പദ്ധതി പുരോഗമിക്കുന്നു. കൂടാതെ വല്ലച്ചിറ പഞ്ചായത്തിലും നെൻമേനിക്കര പഞ്ചായത്തിലും എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ